# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1588** **04.12.2018 ൽ മറുപടിയ്ക്ക്**

## കേര ഗ്രാമം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളെയാണ് കേര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദീകരിക്കാമോ; | എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ തൊടിയൂർ ഗ്രാമപഞ്ചായത്തിനെയാണ് 2018-19 വർഷത്തെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.<br>250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശത്തെയാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണ മുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉല്പാദനം, തെങ്ങുകയറ്റ യന്ത്രങ്ങളുടെ വിതരണം മുതലായ ഘടകങ്ങൾ സാമ്പത്തിക സഹായത്തോട് കൂടി പ്രാവർത്തികമാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടിൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവരാസവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്നും രോഗബാധയേറ്റും ഉല്പാദന ക്ഷമത നശിച്ച തെങ്ങുകൾ മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു.<br>ഇതിനു പുറമെ സാദ്ധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. |
| ബി) | എന്തെല്ലാം ആനുകൂല്യങ്ങൾ ഈ പദ്ധതി പ്രകാരം കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് വിശദീകരിക്കാമോ; | ബി) | ഒരു കേരഗ്രാമത്തിന് പരമാവധി 97.697 ലക്ഷം രൂപയുടെ ആനുകൂല്യം ലഭ്യമാക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്. ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങൾ പ്രാദേശിക ആവശ്യാനുസരണം തെരഞ്ഞെടുത്ത് നടപ്പിലാക്കാവുന്നതും നിഷ്കർഷിച്ചിരിക്കുന്ന സബ്സിഡി ആനുകൂല്യങ്ങൾ ലഭിക്കുന്നതുമാണ്.<br><br>1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് 25000 രൂപ പ്രകാരം 250 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 62.50 ലക്ഷം രൂപ. ഇതിൽ |

| | | | |
|---|---|---|---|
| | | | താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുന്നു.<br>a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ- 35 രൂപ/ തെങ്ങ്<br>b) തൊണ്ട് കുഴിച്ചിടീൽ- 50 രൂപ/ തെങ്ങ്<br>c) കുമ്മായം- 9 രൂപ/ തെങ്ങ്<br>d) രാസവളം- 20 രൂപ/ തെങ്ങ്<br>e) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/ തെങ്ങ്<br>f) ജൈവവളം- 25 രൂപ/ തെങ്ങ്<br>g) സസ്യസംരക്ഷണം- 10 രൂപ/ തെങ്ങ്<br>h) ജീവാണു വളങ്ങൾ, ജൈവീകനിയന്ത്രണോപാധികൾ പ്രയോഗിക്കുന്നതിന്- 75 രൂപ/ തെങ്ങ്<br>i) രോഗം ബാധിച്ചതും ഉല്പാദനശേഷി നശിച്ച തെങ്ങ് മുറിച്ചുമാറ്റുന്നതിന്- 1000 രൂപ/ തെങ്ങ്<br>j) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന്- 60 രൂപ/ തെങ്ങ്<br>k) ഇടവിളകൃഷി- 6000 രൂപ ഹെക്ടറിന്<br><br>2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25,000/- രൂപ ക്രമത്തിൽ പരമാവധി 5 ലക്ഷം രൂപ.<br>3. 61 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ<br>4. 8 ജൈവവള ഉല്പാദന യൂണിറ്റുകൾ- ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.<br>5. പഞ്ചായത്തുതല കേരസമിതികൾക്കുള്ള പ്രവർത്തന ചെലവായി 1 ലക്ഷം രൂപ, മിനി കയർ നിർമ്മാണ യൂണിറ്റിന് 2 ലക്ഷം രൂപ.<br>6. കേരഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 15,000 രൂപ.<br>7. താല്പര്യമുള്ള കേരഗ്രാമങ്ങൾക്ക് കേരാധിഷ്ഠിത മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് SFAC മുഖാന്തിരം പരമാവധി 25 ലക്ഷം രൂപയുടെ പ്രോജക്ട് അധിഷ്ഠിത ധനസഹായം. |
| സി) | പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ഗ്രാമ പഞ്ചായത്തുകളിലെ നാളികേര ഉത്പാദനത്തിൽ വർദ്ധവ് ഉണ്ടായിട്ടുണ്ടോ; വിശദീകരിക്കുമോ? | സി) | കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളിലെ തെങ്ങിൻ തോട്ടങ്ങൾ അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്. മെച്ചപ്പെട്ട കുലകൾ ഉല്പാദിപ്പിക്കപ്പെട്ടിട്ടുണ്ട്. തെങ്ങിൽ ഉണ്ടാകുന്ന പൂമുകുളം നാളികേരമായി മാറി വിളവെടുക്കാൻ 36 മാസം (3 വർഷം) കാലദൈർഘ്യം എടുക്കുമെന്നതിനാൽ സംയോജിത പരിചരണ മുറകളുടെ ഫലപ്രാപ്തി ഉല്പാദന വർദ്ധനവ് വരും വർഷങ്ങളിൽ പ്രകടമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ